**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 377** **19-03-2025 - ൽ മറുപടിയ്ക്ക്**

**മില്ലറ്റ് വില്ലേജ്, ഹരിത രശ്മി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. ആൻസലൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവും ദാരിദ്ര്യവും പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു;<br><br>**ഭക്ഷ്യ സഹായ പദ്ധതി**<br><br>പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗമേഖലയിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണ് ഭക്ഷ്യ സഹായ പദ്ധതി.<br><br>മൺസൂൺ, പ്രകൃതിക്ഷോഭങ്ങൾ, അത്യാഹിതങ്ങൾ, തുടങ്ങി പടികവർഗ്ഗക്കാർക്കു തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ അവർക്കു പോഷകാഹാരവും ഭക്ഷ്യസുരക്ഷയും ഈ പദ്ധതിയിലൂടെ ഉറപ്പുവരുത്തുന്നു.<br><br>ഓരോ ഗോത്ര പ്രദേശത്തെയും ഭക്ഷണ രീതിയും അഭിരുചികളും മുൻഗണനകളും അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യധാന്യങ്ങൾ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ തലത്തിൽ ഒരു കുടുംബത്തിന് പരമാവധി 750/- രൂപയുടെ സാധനങ്ങൾ കിറ്റായി നൽകുന്നുണ്ട്.<br><br>മൺസൂൺ കാലയളവിൽ ജോലിയില്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങളെയും, വിധവകൾ കുടുംബനാഥരായുള്ള കുടുംബങ്ങൾക്കും അവിവാഹിതരായ അമ്മമാർക്കും ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സിക്കിൾസെൽ അനീമിയ രോഗികളുള്ള കുടുംബങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന ആളുകളുള്ള കുടുംബങ്ങൾ, പ്രത്യേക |

| | | | |
|---|---|---|---|
| | | | ദുർബലഗോത്രവർഗ്ഗക്കാർ, പ്രകൃതി ദുരന്തങ്ങൾക്കിരയായവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഒരു വർഷത്തിൽ ഓരോ ജില്ലയിലും പരമാവധി 4 തവണ ടി പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>**<u>കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി</u>**<br><br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് 2013 മുതൽ ആരംഭിച്ച ഒരു പദ്ധതിയാണിത് . അട്ടപ്പാടിയിൽ 2013ലുണ്ടായ ശിശു മരണത്തിന്റെ പശ്ചാത്തലത്തിൽ പോഷകാഹാര ലഭ്യത ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ കുടുംബശ്രീ മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. വനിതാ ശിശു വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും 60:40 എന്ന അനുപാതത്തിൽ ടി പദ്ധതിയ്ക്ക് ഫണ്ട് ചെലവഴിച്ചു വരുന്നു.<br><br>ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 12 വയസ്സ് വരെയുള്ള കുട്ടികൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, കിടപ്പു രോഗികൾ, വൃദ്ധർ, വിധവകൾ എന്നിവരാണ് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയുടെ ഗുണഭോക്താക്കൾ. |
| (ബി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ സമൂഹങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കൃഷി വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി ആരംഭിച്ച മില്ലറ്റ് വില്ലേജ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (ബി) | **<u>മില്ലെറ്റ് വില്ലേജ്</u>**<br><br>അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം മുതൽ 3 വർഷത്തേയ്ക്ക് ആരംഭിച്ച പദ്ധതിയാണ് മില്ലെറ്റ് വില്ലേജ് പദ്ധതി. അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണ ചുമതല കൃഷി വകുപ്പിനാണ്. ആകെ പദ്ധതി തുകയായ 740.89 ലക്ഷം രൂപയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിഹിതം 540.89 ലക്ഷം രൂപയും കൃഷി വകുപ്പിന്റെ വിഹിതം 200 ലക്ഷം രൂപയുമാണ്.<br><br>ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ 1429 ഹെക്ടർ സ്ഥലത്തു ചെറുധാന്യകൃഷിയിലൂടെ 1331.06 ടൺ ഉത്പാദനവും ലഭിച്ചിട്ടുണ്ട്.<br><br>ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ മാതൃകാ ഊര് വികസന പരിപാടി പ്രകാരം നാണ്യവിളകൾ, |

| | | | |
|---|---|---|---|
| | | | ഫലവൃക്ഷങ്ങൾ, ശീതകാല പച്ചക്കറി എന്നിവയുടെ നടീൽവസ്തുക്കളുടെ വിതരണം, കാർഷിക ഉപകരണങ്ങളുടെ വിതരണം, വനിതകൾക്ക് തേനീച്ച വളർത്തൽ, ധാന്യങ്ങൾ ഉണക്കുന്നതിനുള്ള കളം നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ പദ്ധതിയിൽ ആസൂത്രണം ചെയ്തത് അനുസരിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. കാട്ടേക്കാട്, വരഗംപ്പാടി, വല്ലവട്ടി എന്നീ ഊരുകളിൽ തേനീച്ചവേലി നിർമ്മാണം പൂർത്തീകരിച്ചു. 'അട്ടപ്പാടി തുവര', 'ആട്ടുകൊമ്പ് അവര' എന്നീ വിളകൾക്ക് ഭൗമ സൂചിക നിർണ്ണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെറുധാന്യ ഗ്രാമം പദ്ധതിയിലൂടെ പൂർത്തീകരിച്ചു.<br><br>മില്ലറ്റ് വില്ലേജ് പദ്ധതി പ്രകാരം രൂപീകരിച്ച കാർഷിക ഉത്പാദന സംഘടന ATFAM (അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസോസിയേഷൻ ഫോർ<br><br>മില്ലറ്റ്സ്) മുഖേന അട്ടപ്പാടി കർഷകർ ഉത്പാദിപ്പിക്കുന്ന ചെറുധാന്യങ്ങൾ സംഭരിച്ച്, സംസ്കരിച്ച്, ജൈവ സർട്ടിഫിക്കേഷൻ നൽകി പ്രാദേശികമായി ലഭിച്ചിരുന്ന വിലയേക്കാൾ കൂടുതൽ വില നൽകി വിപണിയിലെത്തിക്കാൻ സാധിച്ചു.<br><br>ചെറുധാന്യഗ്രാമം പദ്ധതിയിലൂടെ ജൈവകൃഷി രീതി വളർത്തിയെടുക്കുകയും കർഷകരുടെ കൃഷി സ്ഥലത്തിന് ജൈവ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ജൈവ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. തുടർച്ചയായ മൂന്നു വർഷത്തെ പ്രവർത്തനഫലമായി നാൽപതു ഊരുകളിലെ 926 കർഷകരുടെ 741.97 ഹെക്ടർ കൃഷി സ്ഥലത്തിന് ജൈവ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.<br><br>അട്ടപ്പാടിയിൽ ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗക്കാരായ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും, പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥതയിലുള്ള ഉപയോഗിക്കപ്പെടാത്ത ഭൂമിയിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിച്ച ഹരിത രശ്മി പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (സി) | പട്ടികവർഗ്ഗവിഭാഗത്തിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും ജീവനോപാധി വർധിപ്പിക്കുന്നതിനുമായി പട്ടികവർഗ്ഗക്കാരുടെ കൈവശം തരിശായി കിടക്കുന്ന ഭൂമിയെ കൃഷിക്കുപയുക്തമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഹരിതരശ്മി.<br><br>പ്രാദേശികമായി കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ടാണ് പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആസൂത്രണം ചെയ്യുന്നതും മേൽ നോട്ടം വഹിക്കുന്നതും. എല്ലാ സഹായങ്ങളും ഈ സംഘങ്ങളുടെ നേതൃത്വത്തിലാണ് നടപ്പാക്കുന്നത്.<br><br>ഇത്തരത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 157 സംഘങ്ങൾ  പ്രവർത്തിക്കുന്നു. പദ്ധതികളുടെ ഭാഗമായി വിവിധതരം വിത്തുകൾ, പച്ചക്കറി തൈകൾ, ഔഷധ സസ്യങ്ങൾ, വാഴകൾ, വളങ്ങൾ, ജൈവകീടനാശിനികൾ, കൃഷിപരിപാലന ഉപകരണങ്ങൾ, മണ്ണ് പരിശോധന, വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ, വിപണനസാധ്യതകൾ എന്നിവ കർഷകർക്ക് നൽകുന്നുണ്ട് .<br><br>ഗുണഭോക്താക്കളുടെ അഭിരുചിയും, താല്പര്യവും, മണ്ണിന്റെ ഘടനയും കണക്കിലെടുത്താണ് കൃഷിരീതികൾ നടപ്പിലാക്കുന്നത്. കാർഷിക വിദഗ്ധരെ ഉൾപ്പെടുത്തി പദ്ധതിയിലൂടെ രൂപീകരിച്ച കർഷക ഗ്രൂപ്പുകൾക്ക് കൃഷിരീതികൾ, ശാസ്ത്രീയ വിളവെടുപ്പ് രീതികൾ, വിത്തുകളുടെ പരിപാലനം, നഴ്സറി മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനം നൽകുന്നു . |

സെക്ഷൻ ഓഫീസർ